CCM( 3) 2015-16

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.04.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.04.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1** സാമ്പത്തിക വർഷാരംഭമായതിനാൽ അടുത്ത ഏതാനും മാസങ്ങളിൽ എല്ലാ ആഴ്ചയും കോഓർഡിനേഷൻ കമ്മിറ്റിയോഗം ചേരേണ്ടതില്ലെന്നും തൽക്കാലം മാസത്തിൽ രണ്ടു തവണയായി യോഗം പരിമിതപ്പെടുത്താമെന്നും തീരുമാനിച്ചു.

**2.2** 2015-16 സാമ്പത്തിക വർഷത്തിൽ 101 തദ്ദേശഭരണസ്ഥാപനങ്ങൾ 488.06 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നേടിയതായി അറിയിച്ചു. ഇതിൽ 85 ഗ്രാമപഞ്ചായത്തുകൾ 349.98 കോടി രൂപയും 16 ബ്ലോക്ക് പഞ്ചായത്തുകൾ 138.08 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചതായും കാണപ്പെട്ടു.

**2.3** 2014 -15 ബഡ്ജറ്റ് പ്രകാരമുള്ള 8,9,10 ഗഡുക്കളും, നികുതി പിരിവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതവും, ധനകാര്യ കമ്മീഷൻ ഗ്രാന്റും, ലോക ബാങ്ക് സഹായത്തോടെയുള്ള കെ.എൽ.ജി.എസ്.ഡി.പി. ഫണ്ടും കൂടി ഉൾപ്പെടുത്തി ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം വാലിഡേഷൻ പൂർത്തീകരിച്ച് 2014-15-ലെ അന്തിമ പദ്ധതിക്ക് അംഗീകാരം വാങ്ങേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. എന്നാൽ മേൽ സൂചിപ്പിച്ച ഫണ്ടുകൾ അക്കൗണ്ട് ചെയ്തിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ 2014-15-ലെ വാർഷിക പദ്ധതിയിൽ വാലിഡേഷൻ ലഭ്യമാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

2014-15 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ പൂർത്തീകരണപത്രം ഭൗതിക പുരോഗതി നിർബന്ധമായും രേഖപ്പെടുത്തി 2015 ഏപ്രിൽ 30-നകം സുലേഖ സോഫ്ട് വെയറിൽ തയ്യാറാക്കേണ്ടതാണ്. സുലേഖ സോഫ്ട് വെയറിൽ നിന്നും 2014-15 ചെലവുകൾ പരിശോധിച്ച് ഉറവിടത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ മുഴുവൻ ചെലവുകളും വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സ്പിൽഓവർ പ്രോജക്ടുകളുടെ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും രേഖാമൂലം വാങ്ങേണ്ടതും 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. 2015-16 പൂർണ്ണ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു കഴിഞ്ഞാൽ ഒരു കാരണവശാലും സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതല്ല.

നികുതി പരിവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതവും ധനകാര്യ കമ്മീഷൻ വിഹിതവും ലോക ബാങ്ക് വിഹിതവും 2014-15-ൽ അനുവദിച്ചത് ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക കൂടി 2015-16-ലെ ബജറ്റ് തുകയോടുകൂടി ചേർത്ത് 2015-16-ലെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരമുള്ള മൊത്തം തുകയ്ക്കായിരിക്കണം വനിത ഘടക പദ്ധതി, വൃദ്ധർ വികലാംഗർ ശിശുക്കൾ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി എന്നിവയ്ക്ക് നിശ്ചിത ശതമാനം വകയിരുത്തേണ്ടതാണ്.

ഇതിനകം 2015–16 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങളും മേൽപറഞ്ഞ പ്രകാരമുള്ള തുകകൾ ക്രമീകരിച്ച് സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടുത്തി 2015–16–ലെ പൂർണ്ണ വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങേണ്ടതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2015–16–ലെ പൂർണ്ണ വാർഷിക പദ്ധതി മേയ് 31–നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

ധനകാര്യ കമ്മീഷൻ അവാർഡ് തുക, നികുതി പിരിവിന്റെ അടിസ്ഥാനത്തിലുള്ള വികസനഫണ്ടിന്റെ അവസാന ഗഡു എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിൽ ചില ട്രഷറികളിൽ സംഭവിച്ച പിശക് തിരുത്തി ക്രമീകരിക്കുന്നതിനുള്ള ഉത്തരവ് ധനകാര്യ വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

**2.4** 2015–16 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലെ ഫണ്ട് റിലീസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് ഇതേവരെ ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചതായി കാണുന്നില്ലെന്ന് യോഗം നിരീക്ഷിച്ചു. 21.03.2015–ലെ ജി.ഒ(പി)119/2015/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ മാർഗരേഖ പ്രകാരം ഇത് 25.03.2015–ൽ പുറപ്പെടുവിക്കേണ്ടതായിരുന്നെന്നും യോഗം നിരീക്ഷിക്കുകയുണ്ടായി.

**2.5** കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റോ തനത് ഫണ്ടോ ഉപയോഗിച്ച് പൊതുജനങ്ങൾ ധാരാളമായി വരുന്ന ആശുപത്രിയുടെ ഒ.പി. വിഭാഗത്തിലും ഓഫീസുകളിലും സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്കും എ.സി. ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ചു തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 മതിലകം ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം. 124/ഡി.ഡി.2/2015/തസ്വഭവ)

സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. വിഭാഗം ശീതീകരിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി (ഫയൽനം. 70/ഐ.എ.2/2015/തസ്വഭവ)

വികസനഫണ്ടിൽ കുറവുചെയ്ത തുക വാലിഡേഷൻ ഒഴിവാക്കി ജി.ഒ പ്രോജക്ടായി തുക എന്റർ ചെയ്യുന്നതിന് അനുവാദം ആവശ്യപ്പെട്ടത് നിലവിൽ വാലിഡേഷൻ എക്സംഷൻ നൽകിയിട്ടുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പന്മനഗ്രാമപഞ്ചായത്ത് (ഫയൽനം. 8/എഎ.3/2015/തസ്വഭവ)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂമിയില്ലാത്തവർക്ക് പന്മന ഗ്രാമപഞ്ചായത്തിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ മറ്റൊരു ഗ്രാമപഞ്ചായത്തിൽ ഭൂമി വാങ്ങി നൽകിയത് അംഗീകരിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് (ഫയൽനം. 1/ആർ.സി.1/2015/തസ്വഭവ)**
**(ബഹു. കോതമംഗലം എം.എൽ.എ ശ്രീ. റ്റി.യു. കുരുവിള മുഖേന)**

വനിത വിപണനകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങിയതിനുശേഷം ബാക്കി വന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മെഴുവേലി ഗ്രാമപഞ്ചായത്ത് (ഫയൽനം. 3/ആർ.സി.3/2015/തസ്വഭവ)**
**(ബഹു. ആറന്മുള എം.എൽ.എ. അഡ്വ.കെ. ശിവദാസൻ നായർ മുഖേന)**

ഐ.റ്റി.ഐ.യ്ക്ക് സ്ഥലം വാങ്ങി നൽകാൻ അനുവാദം ആവശ്യപ്പെട്ടത് കൈമാറിക്കിട്ടിയ സ്ഥാപനമല്ലാത്തിതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 അയ്മനം ഗ്രാമപഞ്ചായത്ത്**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സിന്റെക്സ് മോഡൽ ഫൈബർ ടാങ്കുകൾ വാങ്ങുന്നത് 500 ലിറ്റർ വരെ കപ്പാസിറ്റിയുള്ളവ യൂണിറ്റ് കോസ്റ്റ് 2000 രൂപ കവിയാതെ 75% സബ്സിഡിയോടെ നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കാരശ്ശേരി ഗ്രാമപഞ്ചായത്ത് (ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ.സി. മോയിൻകുട്ടി മുഖേന)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശവാങ്ങി നൽകിയത് പ്രൊക്യുർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കാരശ്ശേരി ഗ്രാമപഞ്ചായത്ത്**

സ്ക്കൂൾ കുട്ടികൾക്ക് വർണ്ണക്കുടകൾ വാങ്ങി നൽകിയത് അംഗീകരിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം**

തെരുവുവിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച് യൂണൈറ്റഡ് ഇലക്ട്രിക്കൽസിന് പരീക്ഷണാടിസ്ഥാനത്തിൽ 3 മാസത്തേയ്ക്ക് നൽകിയ കാലാവധി നീട്ടി നൽകണമെന്ന ആവശ്യത്തിന്മേൽ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടി നൽകുന്നതിന് തീരുമാനിച്ചു. പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാനും നിർദ്ദേശിച്ചു. യഥാസമയം തെരുവുവിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ക്രൂസ്/കെൽട്രോൺ എന്നിവിടങ്ങളിൽ നിന്ന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 അസോസിയേഷൻ ഓഫ് അഗ്രിക്കൾച്ചറൽ ഓഫീസേഴ്സ് – നിവേദനം**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ കിഴങ്ങുവർഗകൃഷിക്കും ഫലവർഗ്ഗ കൃഷിക്കും 100% സബ്സിഡി അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും നിലവിലുള്ള 75% സബ്സിഡി തുടരേണ്ടതാണെന്നും നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ആരോഗ്യ– കുടുംബക്ഷേമ വകുപ്പു സെക്രട്ടറിയുടെ കുറിപ്പ്**

മഴക്കാല പൂർവരോഗ നിയന്ത്രണ നടപടികൾ ആലോചിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭ ചേരുന്നതിനും ഫണ്ട് അനുവദിക്കുന്നതിനുമായി ആരോഗ്യ കുടുംബക്ഷേമ സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

അയൽസഭകളുടെയും വാർഡ് വികസന സമിതികളുടെയും പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും കില ഡയറക്ടറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ അവധിക്കാല പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോന്നിനും 35000 രൂപ വരെ ഫണ്ട് അനുവദിക്കാൻ നിർദ്ദേശിക്കണമെന്ന കുടുംബശ്രീ ഡയറക്ടറുടെ ആവശ്യത്തിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(യോഗം രാവിലെ 9 ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 06.05.2015 ൽ രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**